# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025- 26

ഗവൺമെന്റ്
ടൈടവെൽ എൽ പി -
എസ്
തേവിയാരുകുന്ന്.

# ആമുഖം

നെടുമങ്ങാട് താലൂക്കിൽ ആര്യനാട് ഗ്രാമപഞ്ചായത്തിലെ ഏക ട്രൈബൽ എൽ.പി സ്കൂളാണ്, ഗവ. ട്രൈബൽ എൽ.പി.എസ് തേവിയാരുകുന്ന്. തേവിയാരുകുന്ന് ഫോറസ്റ്റ് റിസർവ്വയിൽ 1959 ജനുവരി 25 ന് കുട്ടപ്പൻ വേലായുധൻകാണിയുടെ നേതൃത്വത്തിൽ തേവിയാരുകുന്ന് കേന്ദ്രീകരിച്ച് ഒരു 'പയൽ' സ്കൂൾ സ്ഥാപിതമായി. 1975-ൽ ശ്രീ. കെ. സോമശേഖരൻനായർ MLA-യുടെ നേതൃത്വത്തിൽ ശ്രീ. ആർ. രാമചന്ദ്രൻ-നായർ ഐ എ എസ് ഉദ്ഘാടനം ചെയ്തതാണ് ഇന്നു കാണുന്ന ഗവ. ട്രൈബൽ എൽ പി എസ് തേവിയാരുകുന്ന്.

H.M ഉൾപ്പെടെ നാല് അധ്യാപകരും ഒരു പ്രീ-പ്രൈമറി അധ്യാപികയും ഒരു പി.ടി.സി.എം-ഉം സേവനമനുഷ്ഠിക്കുന്നു. ഇവിടത്തെ പഠിതാക്കളിൽ 90 ശതമാനം SC, ST വിഭാഗക്കാരാണ്. 2012-ൽ മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ് ശ്രീ. സത്യജോസ് സാറിന്

നമ്മുടെ സ്കൂളിൽ നിന്നുള്ള പ്രവർത്തന ആൾക്കാരാണ് ലഭിച്ചത്.

തൊഴിലാളികളായ രക്ഷിതാക്കളുടെ കുട്ടികൾക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കിയാൽ പഠനനിലവാരം വർദ്ധിപ്പിക്കാം. വീട്ടിലെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിൽ പരിമിതികൾ ഉണ്ട്. വിദ്യാലയത്തിൽ എത്തുന്ന സമയങ്ങളിൽ അധ്യാപകർ നൽകുന്ന പിന്തുണയാണ് കുട്ടികളുടെ പഠനനിലവാരത്തെ സ്വാധീനിക്കുന്നത്. നഷ്ടമായ സാധ്യമായ ദിവസങ്ങളിലെ ലഭ്യമാകുന്ന സമയങ്ങൾ അധ്യാപകർ അവരുടെ പരമാവധി ശേഷികൾ ഉപയോഗപ്പെടുത്തിയാണ് കുട്ടികളെ മികച്ച പഠനനിലവാരത്തിലേക്ക് നയിക്കുന്നത്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

* സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളാണ് ഭൂരിഭാഗവും.

## പദ്ധതി രൂപീകരണ പ്രക്രിയ

* അവധിക്കാല അധ്യാപക പരിശീലനത്തിൽ നിന്ന് അക്കാദമിക് മാസ്റ്റർ പ്ലാനിനെ കുറിച്ചുള്ള ഏകദേശധാരണ ലഭിച്ചു.
* SRG കൂടി അക്കാദമിക് മാസ്റ്റർ പ്ലാനിനെ കുറിച്ച് ചർച്ച ചെയ്തു.
* പിടിഎ യോഗം വിളിച്ചു ചേർത്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി ഇതിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരിച്ചു.

ലക്ഷ്യങ്ങൾ.

## ഭാഷ

1. എല്ലാകുട്ടികളെയും അക്ഷരപൂർണ്ണരായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക.
3. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക
4. സർഗ്ഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യസാധ്യതകളെ പ്രയോജനപ്പെടുത്തുക.
6. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
2. ക്ലാസ്തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ

സ്വാംശീകരിക്കുക.

3. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.

4. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക

5. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക

## സാമൂഹികാവബോധം

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
2. ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക

3. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
2. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
3. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകര-

ങ്ങളോ, പ്രയോജനകരമായ ഉൽപ-
ന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ്
വികസിപ്പിക്കുക

3. ഇതര വിഷയങ്ങളുമായി പ്രവൃത്തിപരി-
ചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ, കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
2. ആരോഗ്യശീലങ്ങൾ വളർത്തുക
3. സ്കൂളിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം |
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| അർത്ഥപൂർണ്ണമായി വായിക്കുന്നതിന് കഴിയുന്നു | അസംബ്ലിയിൽ ഒരു കഥ ഭാവാത്മകമായി വായിക്കുന്നു, വിവരണം പറയുന്നു. | ആഴ്ചയിൽ ഒരു ദിവസം |
| ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ ആഴ്ചയിലും വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം |
| ആശയ വിനിമയ ശേഷി കൈവരിക്കുക | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ മുതൽ മാർച്ച് വരെ |
| ഭാവപ്രകടനം, പദപ്രയോഗം, സംഗീതാത്മകത തുടങ്ങിയവ വിവിധങ്ങളിലൂടെ | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | | |
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക | ഭാഷാ പ്രസംഗം, മലയാള കവിതാ പാരായണം, എന്നിവയുടെ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ഭാഷാവികാസ പ്രകടിപ്പിക്കാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഇംഗ്ലീഷ് വായന മെച്ചപ്പെടുത്തുക | അസംബ്ലിയിൽ ഓരോ Reading Cards/ book വായിക്കുക | ജൂൺ മുതൽ മാർച്ച് വരെ |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നു. 3, 4 ക്ലാസുകളിൽ ഇംഗ്ലീഷ് ഡയറി, പഠിച്ചവാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ദിനത്തിലും വിഷയത്തെക്കുറിച്ച് ക്വിസ്, പോസ്റ്റർ ഒരുക്കുന്നു. eg: ജൂൺ - ലഹരിവിരുദ്ധദിനം ജൂലൈ - ചാന്ദ്ര, ബഷീർ ദിനം | ജൂൺ മുതൽ മാർച്ച് വരെ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബേസ് ചെയ്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | |
| അടിസ്ഥാന ഗണിതശേഷികൾ കുട്ടികളിൽ ഉറപ്പിക്കുന്നതിന് | ക്ലാസിൽ ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, ഈർക്കിൽ, [illegible]) | ജൂൺ |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം [illegible] നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

| | | |
|---|---|---|
| | | |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകൽ | ജൂൺ മുതൽ മാർച്ച് വരെ |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | പരീക്ഷണ, നിരീക്ഷണങ്ങളിലൂടെയും വിവിധ ശില്പശാലകൾ സംഘടിപ്പിക്കൽ | ജൂലൈ മുതൽ മാർച്ച് വരെ |
| ശാസ്ത്ര പഠന താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ |
| ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചയിലൂടെയും വിധത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണങ്ങളിലൂടെയും വിവിധ ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ |

സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സാംസ്കാരികമായ അറിവിന്റെ തനിമ നിലനിർത്തുന്നതിന് | പ്രാദേശിക വ്യക്തികളുമായി അഭിമുഖം നടത്തും | |
| സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പൊതുസ്ഥാപനങ്ങളിലേക്ക് ഫീൽഡ് വിസിറ്റ് സംഘടിപ്പിക്കൽ | |

## വിവരസാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക | ലോഷൻ നിർമ്മാണം<br>പേപ്പർ ബാഗ് നിർമ്മാണം | ഒക്ടോബർ |

## സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | ജൂൺ മുതൽ മാർച്ച് വരെ. |

## ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി, ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഓട്ടം, ചാട്ടം, റിലേ തുടങ്ങിയവക്ക് പരിശീലനം | ജൂലൈ മുതൽ മാർച്ച് വരെ |
| | | |

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി.ടി.എൽ.പി.എസ് ചേവിയാരുകുന്ന്

മേൽവിലാസം : ജി.ടി.എൽ.പി.എസ് ചേവിയാരുകുന്ന്
പറണ്ടോട്. P.O ആര്യനാട്
- പിൻ- 695542

ഫോൺ : 2891036

സ്കൂൾ കോഡ് : 42525

വിദ്യാഭ്യാസ ഉപജില്ല : നെടുമങ്ങാട്

വിദ്യാഭ്യാസ ജില്ല : ആറ്റിങ്ങൽ

റവന്യൂ ജില്ല : തിരുവനന്തപുരം

ബി ആർ സി : നെടുമങ്ങാട്

സി ആർ സി : ആര്യനാട്

ഗ്രാമപഞ്ചായത്ത് : ആര്യനാട്

ബ്ലോക്ക് പഞ്ചായത്ത് : വെളനാട്

വാർഡിന്റെ പേര് : ചേവിയാരുകുന്ന് (iii - 10 വാർഡ്)

ജില്ലാ പഞ്ചായത്ത് : തിരുവനന്തപുരം

നിയമസഭാ മണ്ഡലം : അരുവിക്കര

ലോകസഭാ മണ്ഡലം : ആറ്റിങ്ങൽ

വില്ലേജ് : ആര്യനാട്

താലൂക്ക് : നെടുമങ്ങാട്

E-mail : tlps-theviyarukunnu@gmail.com

സ്കൂൾ വിക്കി - tlps-Cheviyarukunnu

# സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതി

## പഠന പിന്നോക്ക പരിപാടി :

പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്കായി പഠനപ്രവർത്തനങ്ങളോടൊപ്പം തന്നെ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടത്താനും, അക്ഷരകാർഡുകൾ, പദകാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ച് വായിക്കുന്നതിനും, ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനും തീരുമാനിച്ചു.

## LSS പരിശീലനം

LSS പരിശീലനം ജൂൺ മുതൽ ആരംഭിക്കാൻ തീരുമാനിച്ചു. അതാത് പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും മുൻ വർഷങ്ങളിലെ മാതൃകാ ചോദ്യങ്ങളും നൽകി മികച്ച പരിശീലനം നടത്താൻ തീരുമാനിച്ചു.